SET-4

Series ΩQAΩA/C

Q.P. Code **12**

Roll No. | | | | | | | | |

Candidates must write the Q.P. Code on the title page of the answer-book.

- ചോദ്യപേപ്പറിൽ അച്ചടിച്ച **4** പുറങ്ങളുണ്ടെന്ന് ദയവുചെയ്ത് ഉറപ്പുവരുത്തുക.
- പരീക്ഷാർത്ഥി ചോദ്യപേപ്പറിന്റെ വലതുമുകൾഭാഗത്ത് കൊടുത്തിരിക്കുന്ന ചോദ്യപേപ്പർ കോഡ് ഉത്തരക്കടലാസ്സിന്റെ ടൈറ്റിൽ പേജിൽ എഴുതേണ്ടതാണ്.
- ചോദ്യപേപ്പറിൽ **4** ചോദ്യങ്ങൾ ഉണ്ടെന്ന് ദയവുചെയ്ത് ഉറപ്പുവരുത്തുക.
- **ഉത്തരം എഴുതുന്നതിനു മുമ്പായി ഉത്തരക്കടലാസ്സിൽ ചോദ്യത്തിന്റെ ക്രമനമ്പർ എഴുതുക.**
- ചോദ്യപേപ്പർ വായിക്കാൻ 15 മിനിട്ടാണ് അനുവദിച്ചിട്ടുള്ളത്. രാവിലെ 10.15 നു ചോദ്യപേപ്പർ വിതരണം ചെയ്യുന്നതാണ്. രാവിലെ 10.15 മുതൽ 10.30 വരെ വിദ്യാർത്ഥികൾക്ക് ചോദ്യങ്ങൾ വായിച്ചുനോക്കാനുള്ള സമയമാണ്. ഈ സമയം ഉത്തരക്കടലാസ്സിൽ ഒരു ഉത്തരവും എഴുതാൻ ശ്രമിക്കരുത്.
- Please check that this question paper contains **4** printed pages.
- Q.P. Code given on the right hand side of the question paper should be written on the title page of the answer-book by the candidate.
- Please check that this question paper contains **4** questions.
- **Please write down the serial number of the question in the answer-book before attempting it.**
- 15 minute time has been allotted to read this question paper. The question paper will be distributed at 10.15 a.m. From 10.15 a.m. to 10.30 a.m., the students will read the question paper only and will not write any answer on the answer-book during this period.

# മലയാളം
# MALAYALAM

*അനുവദിച്ച സമയം : 2 മണിക്കൂർ* | *ആകെ മാർക്ക് : 40*

*Time allowed : 2 hours* | *Maximum Marks : 40*

***General Instructions :***

*This question paper is divided into* ***two*** *sections :*

*Section A : Grammar and Writing – 22 Marks*

*Section B : Literature (Prose, Poetry and Non-Detailed) – 18 Marks*

## എ വിഭാഗം / SECTION A

**1.** (a) വാക്യത്തിൽ പ്രയോഗിക്കുക. (ഏതെങ്കിലും ***രണ്ടെണ്ണം*** മാത്രം എഴുതുക) *2×1=2*

(i) ലംഘിക്കുക

(ii) മോഹാലസ്യപ്പെടുക

(iii) ആണയിടുക

(b) അംഗവാക്യം, അംഗിവാക്യം എന്നിവ വേർതിരിച്ചെഴുതുക. (***രണ്ടെണ്ണത്തിനും*** ഉത്തരം എഴുതണം) *2×1=2*

(i) വേദങ്ങൾ പ്രമാണമാണെങ്കിൽ ഞാൻ അക്ഷയലോകങ്ങൾ നേടിയിരിക്കുന്നു.

(ii) ദ്രൗണിയെ കണ്ടറിഞ്ഞു ചാടിയെഴുന്നേൽക്കാൻ ഭാവിക്കുമ്പോഴേക്കു ദ്രൗണി അയാളുടെ തലമുടിക്കു പിടിച്ചു വലിച്ച് താഴെയിട്ടു ചവിട്ടി.

(c) വാക്യത്തിൽ തെറ്റുണ്ടെങ്കിൽ തിരുത്തുക. (***രണ്ടെണ്ണത്തിനും*** ഉത്തരം എഴുതണം) *2×1=2*

(i) ദ്രൗണി രാജാവിനെ ആശ്ലേഷിച്ചു കെട്ടിപ്പിടിച്ച് വിട വാങ്ങി.

(ii) ബന്ധുക്കളുടെയിടയിൽ പ്രതാപത്തോടും, ശ്രീയോടും ഐശ്വര്യത്തോടും കൂടിയിരിക്കുന്ന ഒരുവനോടാണ് ഒരാളിതു ചെയ്തതെങ്കിൽ ബഹുമാനിക്കാമായിരുന്നു.

(d) ഏതെങ്കിലും ***ഒരു*** വിഷയത്തെക്കുറിച്ച് ഒന്നരപ്പുറത്തിൽ കവിയാതെ ഉപന്യാസം തയ്യാറാക്കുക : *6*

(i) ഓൺലൈൻ വിദ്യാഭ്യാസം – ഒരു അനിവാര്യത

(ii) നഷ്ടപ്പെടുന്ന മാനുഷിക മൂല്യങ്ങൾ

(e) നിങ്ങളുടെ പ്രദേശത്തെ കുടിവെള്ളക്ഷാമം പരിഹരിക്കുന്നതിന് നടപടികൾ സ്വീകരിക്കണമെന്ന് ആവശ്യപ്പെട്ടുകൊണ്ട് പഞ്ചായത്ത് പ്രസിഡന്റിന് ഒരു കത്ത് തയ്യാറാക്കുക. *5*

(f) കോവിഡ് വ്യാപനം അടിക്കടി വർദ്ധിച്ചുവരുന്ന സാഹചര്യത്തിൽ സ്വന്തം ജീവൻ പോലും പണയപ്പെടുത്തി നിരവധി ആളുകൾക്ക് തണലായി മാറിയ, പാഴുതറ എന്ന ഗ്രാമത്തിലെ നേഴ്സ് ലക്ഷ്മിക്ക് നാട്ടുകാരുടേയും പ്രശസ്തരുടേയും സ്നേഹാദരങ്ങളും അഭിനന്ദനപ്രവാഹവും – ഇതിനെക്കുറിച്ച് ഒരു പത്രവാർത്ത തയ്യാറാക്കുക. *5*

## ബി വിഭാഗം / SECTION B

**2.** ഏതെങ്കിലും ***രണ്ട്*** ചോദ്യങ്ങൾക്ക് ഉത്തരം എഴുതുക : *2×3=6*

(a) “ഗുരുഘാതികൾക്ക് കുലപാംസനാ, ലോകങ്ങളില്ല” – സന്ദർഭം, ആശയം എന്നിവ വിവരിക്കുക.

(b) ധർമ്മക്ഷേത്രമായ കുരുക്ഷേത്രത്തിൽ വെച്ച് ഭാരതയുദ്ധം തുടങ്ങുമ്പോൾ ഇരു ചേരിക്കാരും തമ്മിൽ ചെയ്ത കരാർ എന്തെല്ലാമായിരുന്നു ?

(c) “നിങ്ങൾ എന്റെ ജയത്തിനു വേണ്ടി ആവുന്നതൊക്കെ ചെയ്തു. പക്ഷേ വിധി കവച്ചു കടക്കാവതല്ലല്ലോ” – സന്ദർഭം, ആശയം എന്നിവ വിശദീകരിക്കുക.

**3.** ഏതെങ്കിലും ***രണ്ട്*** ചോദ്യങ്ങൾക്ക് ഉത്തരം എഴുതുക : *2×3=6*

(a) സമകാലിക സമൂഹത്തിലെ മനുഷ്യത്വരഹിതമായ മനോഭാവത്തോടുള്ള അതിശക്തമായ പ്രതികരണമാണ് ‘അമ്മത്തൊട്ടിൽ’ എന്ന കവിത – വിശദീകരിക്കുക.

(b) “ഓണക്കാലത്തുണരും ഞാൻ, തിരു-
വോണപ്പാട്ടുകളാണെൻ പാട്ടുകൾ” – ആരാണ് ഓണക്കാലത്ത് ഉണരുന്നത് ? സന്ദർഭം, ആശയം എന്നിവ വിശദമാക്കുക.

(c) കവിതയിൽ അമ്മയുടെ കണ്ണുകളെ 'മഞ്ഞിപ്പഴകിയ പിഞ്ഞാണവർണ്ണമായി' എന്നു വിശേഷിപ്പിച്ചിരിക്കുന്നത് എന്തുകൊണ്ട് ?

**4.** എതെങ്കിലും ***രണ്ട്*** ചോദ്യങ്ങൾക്ക് ഉത്തരം എഴുതുക : *2×3=6*

(a) ചട്ടമ്പി സ്വാമികളും സ്വാമി വിവേകാനന്ദനുമായുള്ള സമാഗമം വിവരിക്കുക.

(b) "ആട് കടിച്ചു നോക്കാത്ത ഇലയില്ല" – ചട്ടമ്പി സ്വാമികളുടെ കഴിവിനെക്കുറിച്ച് ഇങ്ങനെ പറയാൻ കാരണമെന്ത് ?

(c) 'ചട്ടമ്പി' എന്ന വിശേഷണം കുഞ്ഞൻപിള്ളയ്ക്ക് ലഭിച്ചത് എങ്ങനെ ?